


# ബട്ടൺ ഹോൾ തുന്നിപ്പിടിപ്പിക്കുന്നത് എങ്ങനെ

ഈ വീഡിയോയിൽ നിങ്ങൾ പഠിക്കാൻ പോകുന്നത് ബട്ടൺ തുന്നുന്നത് എങ്ങനെ എന്നും, തുന്നൽ മെഷീനൊപ്പം ലഭിക്കുന്ന സ്ലൈഡിങ്ങ് ബട്ടൺ ഹോൾ ഫുട്ട് ഉപയോഗിച്ച് എങ്ങനെ ബട്ടൺ ഹോൾ തുന്നാമെന്നുമാണ്.



നിങ്ങൾക്ക് വേണ്ടത് പത്തിഞ്ച് നീളവും പത്തിഞ്ച് വീതിയുമുള്ള ഒരു തുണി, നാല് ഹോൾസുള്ള ഫ്ലാറ്റ് ബട്ടണുകൾ, വാട്ടർ സോല്യുബിൾ മാർക്കർ, സീം റിപ്പർ, സ്കെയിൽ, ബീഡഡ് പിന്നുകൾ എന്നിവയാണ്.


ആദ്യം തുണിക്കഷ്ണമെടുത്ത് സ്കെയിൽ അതിന്റെ നടുവിൽ വയ്ക്കുക. തുണിയുടെ രണ്ട് വക്കുകളിൽ നിന്നും ഒരിഞ്ച് അകത്തായി രണ്ട് വശത്തും ഒരു പോയിന്റ് വീതം അടയാളപ്പെടുത്തുക.



ഇടതു വശത്ത് അടയാളപ്പെടുത്തിയ പോയിന്റിൽ ഒരു ബട്ടൺ വയ്ക്കുക. ഈ ബട്ടണിൽ നിന്നും വൺ ബൈ എയിറ്റ് ഇഞ്ച് ദൂരത്തിൽ രണ്ട് വശത്തും കുത്തനെ രണ്ട് പോയിന്റുകൾ അടയാളപ്പെടുത്തുക. ഈ മൂന്ന് പോയിന്റുകളും ഒരു നേർവരയിൽ കൂട്ടിച്ചേർത്ത് നിങ്ങളുടെ ബട്ടൺ ഹോളിന്റെ നീളം അടയാളപ്പെടുത്തുക.

ഇനി നമുക്ക് ബട്ടൺ ഹോൾ ഉണ്ടാക്കാൻ തുടങ്ങാം.

ബട്ടൺ ഹോൾ ഫുട്ട് ഘടിപ്പിക്കുവാൻ പ്രസ്സർ ഫുട്ട് ഉയർത്തുക. ലിവർ ഉയർത്തി അറ്റാച്ച് ചെയ്തിട്ടുള്ള ഏ ഫുട്ട് റിലീസ് ചെയ്യുക. ബട്ടൺ ഹോൾ ഫുട്ട് യഥാസ്ഥാനത്താക്കി ലിവർ താഴ്ത്തി അത് ക്ലാമ്പ് ചെയ്യുക.





ബട്ടൺ ഹോൾ മാർക്കിങ്ങിന്റെ തുടക്കത്തിലെ പോയിന്റിൽ ഫുട്ടിന് താഴെയായി തുണി സെറ്റ് ചെയ്യുക. സ്ലൈഡർ നിങ്ങളുടെ അടുത്തേയ്ക്ക് നീക്കി ഫുട്ട് താഴ്ത്തുക. സ്ലൈഡറിന്റെ മുകളിലത്തെ ഏരോ മാർക്ക് തുണിയുടെ സ്റ്റാർട്ട് മാർക്കുമായി യോജിക്കണം.















പാറ്റേൺ സെലക്ടർ ഡയൽ ഒന്നിൽ സെറ്റ് ചെയ്യുക. സ്റ്റിച്ച് ലെങ്ങ്ത് ഡയൽ പൂജ്യത്തിനും ഒന്നിനും ഇടയിൽ സെറ്റ് ചെയ്യുക. ബട്ടൺ ഹോളിലെ അടുത്ത മാർക്കിങ്ങ് എത്തുന്നത് വരെ മുന്നോട്ട് തുന്നുക.

ഇനി നീഡിൽ ഉയർത്തി പാറ്റേൺ സെലക്ടർ ഡയൽ രണ്ടിൽ സെറ്റ് ചെയ്യുക. ഏതാനും സ്റ്റിച്ചുകൾ തുന്നിയ ശേഷം തുന്നൽ നിർത്തുക.

ഇനി നീഡിൽ ഉയർത്തി പാറ്റേൺ സെലക്ടർ ഡയൽ മൂന്നിൽ സെറ്റ് ചെയ്യുക. നീഡിൽ ബട്ടൺ ഹോളിന്റെ മുൻപത്തെ മാർക്കിങ്ങ് എത്തുന്നത് വരെ പുറകോട്ട് തുന്നുക.

നീഡിൽ ഉയർത്തി പാറ്റേൺ സെലക്ടർ ഡയൽ നാലിൽ സെറ്റ് ചെയ്യുക. ഏതാനും സ്റ്റിച്ചുകൾ തുന്നിയ ശേഷം തുന്നൽ നിർത്തുക.


ഫുട്ട് ഉയർത്തി തുണി പുറത്തെടുക്കുക. ത്രെഡ് കട്ടർ ഉപയോഗിച്ച് നൂല് മുറിക്കുക. തുണിയുടെ ഇരുവശത്ത് നിന്നും അധികമുള്ള നൂൽ മുറിച്ച് കളയുക.


തുണിയുടെ മറ്റേ അറ്റത്ത് ബട്ടൺ തുന്നി പിടിപ്പിക്കൽ.

ബട്ടൺ തുണിയിൽ അറ്റാച്ച് ചെയ്യാൻ പാകത്തിന് ഫീഡ് ഡോഗ് പൊസിഷൻ താഴോട്ട് കൊണ്ടുവരിക. തുടർന്ന് എക്സ്റ്റെൻഷൻ ടേബിൾ നീക്കം ചെയ്യുക. നിങ്ങൾ ബോബിൻ സ്ഥാപിക്കുന്ന സ്ഥലത്ത് കവർ തുറക്കുക. ഫീഡ് ഡോഗ് താഴ്ത്തുന്നതിന് ലീവർ വലതു വശത്തേയ്ക്ക് തള്ളുക.

ഇനി കവർ അടയ്ക്കുക. എക്സ്റ്റെൻഷൻ ടേബിൾ ഫിക്സ് ചെയ്യുക. ഫുട്ട് സ്ലൈഡറിന്റെ ഫ്രണ്ട് എഡ്ജ് ബട്ടൺ ഹോൾസിന്റെ മുൻവശത്തെ നിരയുമായി ക്രമീകരിക്കുക. തുടർന്ന് അടയാളപ്പെടുത്തിയ പൊസിഷൻ ക്രമീകരിച്ച് ബട്ടൺ ഫുട്ടിനടിയിൽ സെറ്റ് ചെയ്യുക. ഫുട്ട് താഴ്ത്തുക.

സിഗ് സാഗ് സ്റ്റിച്ച് തുന്നുന്നതിന് നീഡിൽ ഉയർത്തി വച്ചുകൊണ്ട് പാറ്റേൺ സെലക്ടർ ഡയൽ സീയിൽ സെറ്റ് ചെയ്യുക. ബട്ടണിന്റെ ഓരോ ഹോളിലും നീഡിൽ ഇറങ്ങിച്ചെല്ലുന്നു എന്ന് ഉറപ്പുവരുത്തുവാൻ ബാലൻസ് വീൽ കൈ കൊണ്ട് നിങ്ങളുടെ അടുത്തേയ്ക്ക് തിരിക്കുക. ആദ്യത്തെ വരി ബട്ടൺ ഹോളുകളിൽ കൂടി തുന്നാൻ ഏതാനും സ്റ്റിച്ചുകൾ തുന്നുക.





നീഡിൽ ഉയർത്തി വച്ചുകൊണ്ട് ബട്ടൺ ഹോളിന്റെ അടുത്ത വരിയുമായി ഫ്രണ്ട് ഫുട്ട് എഡ്ജ് ക്രമീകരിക്കുക. ബട്ടൺ ഹോൾസിന്റെ രണ്ടാമത്തെ നിരയിൽ കൂടി ഏതാനും സ്റ്റിച്ചുകൾ തുന്നുക.  നീഡിൽ ഉയർത്തി സ്റ്റിച്ച് പാറ്റേൺ സെലക്ടർ ഡയൽ ബീയിൽ സെറ്റ് ചെയ്യുക. കുറച്ച് സ്റ്റിച്ചുകൾ കൂടി തുന്നി സ്റ്റിച്ച് ലോക്ക് ചെയ്യുക.

ബട്ടൺ പിടിപ്പിച്ച തുണി പുറത്തെടുക്കുക. രണ്ട് വശത്തു നിന്നും അധികം ഉള്ള നൂല് മുറിച്ച് കളയുക. നിങ്ങളുടെ ജോലി ഏകദേശം തീർന്നിരിക്കുന്നു.

ഇനി ഒരു പിൻ എടുത്ത് ബട്ടൺ ഹോളിന്റെ മുകളിൽ കുത്തുക. സീം റിപ്പർ ഉപയോഗിച്ച് പതുക്കെ ബട്ടൺ ഹോളിന്റെ ഓപ്പണിങ്ങിൽ കൂടി കട്ട് ചെയ്യുക. ബട്ടൺ ഹോളിന്റെ മുകളിൽ കുത്തിയ പിൻ കൂടുതൽ തുണി മുറിയുന്നതിൽ നിന്ന് നിങ്ങളെ തടയും. തുണിയിൽ നിന്ന് സൂചി എടുത്ത് മാറ്റുക.

ഇപ്പോൾ ബട്ടൺ ഉറപ്പിച്ച് കഴിഞ്ഞു ബട്ടൺ ഹോളും റെഡിയായി. ഇനി ആകെ ചെയ്യാനുള്ളത് തുണി മടക്കി ബട്ടൺ ഹോളിലൂടെ ബട്ടൺ കടത്തുക മാത്രമാണ്.

ആത്മവിശ്വാസം കിട്ടുന്നത് വരെ ബട്ടൺ പിടിപ്പിക്കുന്നതും, ബട്ടൺ ഹോൾ ഇടുന്നതും പ്രാക്ടീസ് ചെയ്യുക. ഇത് എളുപ്പമാണ്. ഇടറാത്ത കൈയ്യും കുറച്ച് പ്രാക്ടീസുമാണ് ആകെ വേണ്ടത്.